# ഭാരതീയ റിസർവ് ബാങ്ക്

www.rbi.org.in

ആർ.ബി.ഐ.2017-18/76
DCM (CC) No.G-3/03.44.01/2017-18

ഒക്ടോബർ 12, 2017

എല്ലാ ബാങ്കിലേയും ചെയർമാനും ,
മാനേജിങ് ഡയറക്ടറും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരും

**മാസ്റ്റർ സർക്കുലർ - പൊതുജനങ്ങൾക്കുനൽകുന്ന കസ്റ്റമർ സർവീസിനെ അടിസ്ഥാനമാക്കി ബാങ്ക് ശാഖകൾക്കു പിഴചുമത്തുന്ന പദ്ധതി**

പിഴചുമത്തുന്നതിനെ സംബന്ധിച്ച 2016 ജൂലൈ 20 ലെ സർക്കുലർ- ഡി.സി.എം. (സിസി) നമ്പർ -3 / 03.44.01 / 2016-17 പരിശോധിക്കുക.

2. ഈ വിഷയത്തെ സംബന്ധിച്ച പരിഷ്കരിച്ച പുതിയ പതിപ്പ് അറിവിനും, തുടർനടപടികൾക്കുമായി ഇതോടോപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3. ഈ മാസ്റ്റർ സർകുലർ ഞങ്ങളുടെ വെബ്സൈറ്റ് www.rbi.org.in ൽ ലഭ്യമാണ്.

വിശ്വസ്തതയോടെ,

(പി. വിജയ കുമാർ)

ചീഫ് ജനറൽ മാനേജർ

അനുബന്ധം: മുകളിൽ പോലെ

*<u>അനുബന്ധം</u>*

## പൊതുജനങ്ങൾക്കുനൽകുന്ന കസ്റ്റമർ സർവീസിനെ അടിസ്ഥാനമാക്കി കറൻസി ചെസ്ററുകൾ ഉൾപ്പെടെയുള്ള ബാങ്ക് ശാഖകൾക്കു പിഴചുമത്തുന്ന പദ്ധതിയെ സംബന്ധിച്ച മാസ്റ്റർ സർക്കുലർ

1. ക്ലീൻ നോട്ട് പോളിസിയുടെ ലക്ഷ്യങ്ങൾ കണക്കിലെടുത്ത് എല്ലാ ബാങ്ക് ശാഖകളും, നോട്ടുകളും നാണയങ്ങളും മാറിനൽകുന്നതിലൂടെ പൊതുജനങ്ങൾക്ക് മികച്ച കസ്റ്റമർ സർവീസ് നൽകുന്ന കാര്യം ഉറപ്പുവരുത്താൻ കറൻസി ചെസ്ററുകൾ ഉൾപ്പെടെയുള്ള ബാങ്ക് ശാഖകൾക്ക് പിഴചുമത്തുന്നതിനുള്ള ഒരു പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നു.

**2. പിഴകൾ**

നോട്ടുകളും നാണയങ്ങളും കൈമാറ്റംചെയ്തുകൊടുക്കൽ / റിസർവ് ബാങ്കിലേയ്ക്കുള്ള പണമടയ്ക്കൽ / കറൻസിചെസ്ററിൻറെ പ്രവർത്തനങ്ങൾ എന്നിവയിലുണ്ടാകുന്ന കുറവുകൾക്ക് ബാങ്കുകൾക്ക് ചുമത്തുന്ന പിഴ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| i | മുഷിഞ്ഞ നോട്ട് അടയ്ക്കുന്നതിലും, കറൻസിചെസ്ററ് ബാലൻസിലുമുണ്ടാകുന്ന കുറവ് | **50 രൂപവരെയുള്ള നോട്ടുകൾ**<br>നഷ്ടമായ തുക കൂടാതെ 50 രൂപ<br><br>**100 രൂപാനോട്ടും, അതിനുമുകളിലും**<br>ഓരോനോട്ടിൻറേയും ഡിനോമിനേഷനു തുല്യമായ തുകയും, നഷ്ടവും<br><br>**ഓരോ തവണ അടയ്ക്കുന്നതിലും 100 പീസോ അതിൽ കൂടുതലോ മുഷിഞ്ഞനോട്ട് ഉണ്ടെങ്കിൽ ഉടൻ ഡെബിററ് ചെയ്യും. മുൻകാലത്തുള്ളതു കൂടിചേർത്ത് പരിധിയായ 100 പീസിൽ കൂടുകയാണെങ്കിൽ പിഴചുമത്തും.** |
| ii | കറൻസിചെസ്ററ് ബാലൻസിലോ, മുഷിഞ്ഞ നോട്ട് അടയ്ക്കുന്നതിലോ കള്ളനോട്ടുകണ്ടുപിടിച്ചാൽ | മുഷിഞ്ഞ നോട്ട് അടയ്ക്കുന്നതിലോ, കറൻസിചെസ്ററ് ബാലൻസിലോ റിസർവ്ബാങ്ക് കള്ളനോട്ടുകണ്ടുപിടിച്ചാൽ 2017 ജൂലൈ 20 ലെ ഡി.സി.എം (എഫ്.എൻ.വി.ഡി) നം. ജി4/16.01.05/2017-18 dated. എന്ന സർക്കുലറിൽ നിർദ്ദേശിച്ച രീതിയിലുള്ള പിഴ ഈടാക്കുന്നതാണ്. |
| iii | മുഷിഞ്ഞ നോട്ട് അടയ്ക്കുന്നതിലും, കറൻസിചെസ്ററ് ബാലൻസിലും കീറിയനോട്ടുകണ്ടുപിടിച്ചാൽ | ഡിനോമിനേഷൻ പരിഗണിക്കാതെ ഓരോ പീസിനും 50 രൂപ<br>ഓരോ തവണ അടയ്ക്കുന്നതിലും 100 |

| | | |
|---|---|---|
| | | പീസോ അതിൽ കൂടുതലോ ഉണ്ടെങ്കിൽ ഉടൻ ഡെബിററ് ചെയ്യും<br>**ഓരോ തവണ അടയ്ക്കുന്നതിലും 100 പീസോ അതിൽ കൂടുതലോ കീറിയനോട്ട് ഉണ്ടെങ്കിൽ ഉടൻ ഡെബിററ് ചെയ്യും. മുൻകാലത്തുള്ളതു കൂടിചേർത്ത് പരിധിയായ 100 പീസിൽ കൂടുകയാണെങ്കിൽ പിഴചുമത്തും.** |
| iv | കറൻസിചെസ്ററുകൾ പ്രവർത്തനമാർഗരേഖ പാലിക്കുന്നില്ല എന്ന് റിസർവ് ബാങ്ക് ഉദ്യോഗസ്ഥർ കണ്ടുപിടിച്ചാൽ<br><br>എ) സി.സി.ടി.വി. പ്രവർത്തിക്കാതിരുന്നാൽ<br><br>ബി) ബാങ്കിൻറെ പണമോ ഡോക്കുമെൻറുകളോ ചെസ്ററിലെ സ്ട്രോങ്റൂമിൽ വച്ചാൽ<br><br>സി) നോട്ടുകൾ തരംതിരിക്കാൻ നോട്ട് സോർട്ടിംഗ് മെഷീൻ ഉപയോഗിക്കാതിരുന്നാൽ.<br>(കൌണ്ടറിൽ ലഭിച്ച ഉയർന്ന ഡിനോമിനേഷനിലുള്ള നോട്ടുകൾ തരംതിരിക്കാൻ നോട്ട് സോർട്ടിംഗ് മെഷീൻ ഉപയോഗിക്കാതിരുന്നാലോ, ചെസ്ററിലോ,റിസർവ്ബാങ്കിലോ അടച്ചപണം തരംതിരിക്കാൻ നോട്ട് സോർട്ടിംഗ് മെഷീൻ ഉപയോഗിച്ചിരുന്നില്ലെങ്കിലോ) | ഓരോ ക്രമക്കേടിനും 5000 രൂപവീതം പിഴ<br><br><br><br>ആവർത്തിച്ചാൽ പിഴ 10000 രൂപയായി വർദ്ധിപ്പിക്കും<br>ഉടനെ പിഴ ചുമത്തും |
| v | റിസർവ്ബാങ്കുമായുള്ള കരാറിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചാലോ, (കറൻസിചെസ്ററ് തുടങ്ങാനും, നടത്തിക്കൊണ്ടുപോകാനും) നോട്ടുമാറിക്കൊടുക്കാനുള്ള സൌകര്യത്തിൽ എന്തെങ്കിലും കുറവുള്ളതായി ആർ.ബി.ഐ.ുദ്യോഗസ്ഥർ കണ്ടുപിടിച്ചാലോ. ഉദാ:<br>എ) സ്റ്റോക്ക് ഉണ്ടെങ്കിലും പൊതുജനങ്ങളിൽ ഒരാൾക്ക് കൌണ്ടറിലൂടെ നാണയങ്ങൾ നൽകാതിരുന്നാൽ | |

| | | |
|---|---|---|
| | ബി) മുഷിഞ്ഞനോട്ടുകൾ മാറിക്കൊടുക്കാൻ ബാങ്ക്ശാഖകൾവിസമ്മതിക്കുകയോ, പൊതുജനങ്ങളിൽ ഒരാൾക്ക് കീറിയനോട്ടുകൾ മാറി നൽകാൻ കറൻസിചെസ്ററ് ബ്രാഞ്ച് തയാറാകാതിരിക്കുകയോചെയ്താൽ<br><br>സി) കുറഞ്ഞത് രണ്ടുമാസത്തിലൊരിക്കലെങ്കിലും ചെസ്ററിലെ ജോയിൻറ് കസ്റ്റഡിയുമായി ബന്ധമില്ലാത്ത ഒരുദ്യോഗസ്ഥനും, 6 മാസത്തിലൊരിക്കൽ കൺട്രോളിംഗ് ഓഫീസിലെ ഒരുദ്യോഗസ്ഥനും, മുൻകൂട്ടി അറിയിക്കാതെ നടത്തേണ്ട പരിശോധന നടത്താതിരുന്നാൽ<br><br>ഡി) മററുബാങ്കുകളുടെ ലിങ്ക് ബ്രാഞ്ചുകൾക്ക് സൌകര്യങ്ങളും, സേവനങ്ങളും നിഷേധിച്ചാൽ<br><br>ഇ) പൊതുജനങ്ങളും, ലിങ്ക്ബാങ്ക്ശാഖകളും നൽകുന്ന കുറഞ്ഞ ഡിനോമിനേഷനിലുള്ള നോട്ടുകൾ സ്വീകരിക്കാതിരുന്നാൽ (50 രൂപയും, അതിനുതാഴേയുമുള്ള ഡിനോമിനേഷൻ)<br><br>എഫ്) കറൻസിചെസ്ററ് ശാഖകൾ തയാറാക്കുന്ന പുനർവിതരണത്തിനുള്ള പായ്ക്കററുകളിൽ കീറിയനോട്ടോ, കള്ളനോട്ടോകണ്ടാൽ | |

### 3. പിഴകൾ ഈടാക്കുന്നതിനുള്ള പ്രവർത്തനമാർഗനിർദ്ദേശങ്ങൾ

### 3.1 ചുമതലയുള്ള അതോറിററി

ക്രമരഹിതമായി പ്രവർത്തിച്ച കറൻസി ചെസ്റ്റ് / ബാങ്ക് ബ്രാഞ്ച് സ്ഥിതിചെയ്യുന്ന പ്രദേശത്തെ റീജിയണൽ ഓഫീസിലെ ഇഷ്യു ഡിപ്പാർട്ട്മെൻറ് ഓഫീസർ-ഇൻ ചാർജ് ആയിരിക്കും ക്രമക്കേടിൻറെ സ്വഭാവം നിർണയിക്കാൻ ചുമതലയുള്ള ഉദ്യോഗസ്ഥൻ.

**3.2 അപ്പലേറ്റ് അതോറിറ്റി**

i. നടപടിക്ക്ചുമതലയുള്ള അതോറിറ്റിയുടെ തീരുമാനത്തിനെതിരായ അപ്പീൽ, കറൻസി ചെസ്റ്റ് / ബാങ്ക് ബ്രാഞ്ചിൻറെ കൺറോളിംഗ് ഓഫീസ്, അതാതുമേഖലയിലെ ആർ.ബി.ഐയുടെ റീജിയണൽ ഓഫീസിലെ റീജിയണൽ ഡയറക്ടർക്ക് പിഴ അടച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ നൽകണം. അത് അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടത് അദ്ദേഹമാണ്.

ii. പുതിയ / പരിശീലനമില്ലാത്ത ജീവനക്കാർ, സ്റ്റാഫുകളുടെ അറിവില്ലായ്മ, തിരുത്തൽ നടപടിയെടുത്തു / എടുക്കും തുടങ്ങിയ കാരണങ്ങളുടെ അടിസ്ഥാനത്തിൽ പിഴ ചുമത്തിയത് ഇളവുചെയ്യാനുള്ള അപ്പീലുകൾ പരിഗണിക്കുന്നതല്ല.